# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5032** — **23.03.2018-ൽ** മറുപടിക്ക്

### <u>മൃഗശാലകളുടെ നവീകരണം</u>

<u>ചോദ്യം</u>

ശ്രീ.എം.സ്വരാജ്

<u>മറുപടി</u>

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| | സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ ; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ ? | | തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്രമൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരവും വിശ്രമമുറിയും ചേർന്ന ടോയലറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അക്വേറിയത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നീ പ്രവർത്തികൾ പൂർത്തിയായി വരുന്നു. സന്ദർശകർക്ക് വേണ്ടിയുള്ള ഇന്റർപ്രട്ടേഷൻ സെന്ററിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ചിത്ര ശലഭങ്ങൾക്ക് വേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം 2018-19 സാമ്പത്തിക വർഷത്തെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തിനെ പാർപ്പിക്കുന്നതിനുള്ള കൂടിന്റെ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ ആധുനിക രീതിയിലുള്ള അക്വേറിയം നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയുടെ കൂടുകളുടേയും, മാൻ, ഒട്ടകപക്ഷി, എമു, മയിൽ എന്നിവയുടെ കൂടുകളുടെ അറ്റകുറ്റപ്പണികൾ 2018-19 സാമ്പത്തിക വർഷത്തെ ഗ്രീൻബുക്കിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിലേക്ക് കാൺപൂർ മൃഗശാലയിൽ നിന്നും കഴുതപ്പുലികളെ ലഭ്യമാക്കുകയും, ജിറാഫ്, സീബ്ര, വെള്ളസിംഹം, ജാഗ്വാർ എന്നീ മൃഗങ്ങളെ മൃഗശാലയിൽ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ